"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാരവകുപ്പ്-കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒരു അധിക ബഞ്ച് സ്ഥാപിക്കുന്നതിനു വേണ്ടി ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനും ഓഫീസ് സംവിധാനം ഒരുക്കുന്നതിനും അനുമതി നല്കി ഉത്തരവാകുന്നു.

---

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ജനറൽ) വകുപ്പ്**

**G.O.(Ms)No.2/2026/P&ARD** തീയതി,തിരുവനന്തപുരം, **03-01-2026**

---

പരാമർശം:-

1. G.O(Rt) No. 15/2024/P&ARD തീയതി 16.08.2024
2. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാറുടെ **09.01.2025** തീയതിയിലെ 2227/A2/2023/KAT നമ്പർ കത്ത്.
3. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാറുടെ 04.06.2025,23.07.2025,09.09.202 തീയതികളിലെ 1459/Gen/2024/KAT നമ്പർ കത്തുകൾ.

**ഉത്തരവ്**

പരാമർശം (1) പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒരു അധിക ബഞ്ച് കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിക്കൊണ്ട് ഉത്തരവായിരുന്നു. പ്രസ്തുത ബഞ്ചിന്റെ പ്രവർത്തനത്തിനായി അത്യാവശ്യം വേണ്ട തസ്തികകൾ മാത്രം സൃഷ്ടിക്കുന്നതിനും ബാക്കി ആവശ്യമായ തസ്തികകൾ ട്രൈബ്യൂണലിന്റെ തന്നെ നിലവിലുള്ള staff strength-ൽ നിന്നും കണ്ടെത്തുവാനും, ഓഫീസ് സംബന്ധിച്ച അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനായി വേണ്ടിവരുന്ന അനാവർത്തക ചെലവുകൾക്ക് പ്ലാൻ വിഹിതം ലഭ്യമാക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുവാനും സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 44 തസ്തികകൾ ( ഒന്നാം ഘട്ടം) നിശ്ചയിച്ച് ആകെ 2,73,75,852/-രൂപ (രണ്ട് കോടി എഴുപത്തിമൂന്നു ലക്ഷത്തി എഴുപത്തിഅയ്യായിരത്തി എണ്ണൂറ്റി അൻപത്തിരണ്ട് രൂപ മാത്രം) ചെലവിനത്തിൽ

തലശ്ശേരിയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒരു അഡീഷണൽ ബെഞ്ച് സ്ഥാപിക്കുന്നതിന് രജിസ്ട്രാർ, പരാമർശം (2),(3) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ ആരംഭിക്കുന്നതിനായി തത്വത്തിൽ അനുമതി നൽകിയ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അഡീഷണൽ ബെഞ്ച് (III) ന്റെ പ്രവർത്തനത്തിനായി തലശ്ശേരി കോടതി സമുച്ചയത്തിന്റെ കോമ്പൗണ്ടിനുള്ളിൽ സ്ഥിതി ചെയ്യുന്ന പഴയ അഡീഷണൽ ജില്ലാ കോടതി കെട്ടിടത്തിന്റെ 14,842 ചതുരശ്ര അടി വിസ്തീർണ്ണമുള്ള താഴത്തെ നില വിനിയോഗിക്കാനും, നിർദ്ദിഷ്ട കെട്ടിടത്തിന്റെ സിവിൽ/ഇലക്ട്രിക് ജോലികൾക്കായി 87,30,000/-രൂപയും (എൺപത്തിയേഴ് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) ഓഫീസ് സംവിധാനത്തിനായി 108.95 ലക്ഷം രൂപയും (ഒരു കോടി എട്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) ചെലവഴിക്കുന്നതിനും ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന തസ്തികകളിൽ യഥാക്രമം നിശ്ചയിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി നിയമനം നടത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതു സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, രജിസ്ട്രാർ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**Dr. Rajan Namdev Khobragade I A S**
**ADDITIONAL CHIEF SECRETARY**

രജിസ്ട്രാർ,കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ& ഇ/ഓഡിറ്റ്) ,കേരള ,തിരുവനന്തപുരം.
പൊതുഭരണ ( എസ്.സി) വകുപ്പ്.
ധനകാര്യ വകുപ്പ്( 21.10.2025 -ലെ 2559692/EXP-B3/306/2023-FIN നമ്പർ പ്രകാരം )
ആഭ്യന്തര (എസ്) വകുപ്പ് ( 03.04.2025-ലെ എസ്3/20/2025-Home നമ്പർ പ്രകാരം )
വിവര പൊതുജന സമ്പർക്ക വകുപ്പ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് പകർപ്പ് ( GENL-2/61/2025-PandARD)

ഉത്തരവിൻ പ്രകാരം

Signed by
Dhanya.k.s
സെക്ഷൻ ഓഫീസർ
Date: 05-01-2026 10:30:37

**അനുബന്ധം**

| Sl No | Designation | No. of post proposed stage I | Posts that can be sanctioned, to the new bench | May be redeployed from KAT | New posts may be created |
|---|---|---|---|---|---|
| 1 | Judicial Member | 1 | 1 | 0 | 1 |
| 2 | Administrative Member | 1 | 0 | | 0 |
| 3 | Asst. Registrar (Judicial) | 1 | 1 | 0 | 1 |
| 4 | Filing Scrutiny Officer | 1 | 1 | 0 | 1 |
| 5 | Court Officer / Section Officer | 4 | 2 | 0 | 2 |
| 6 | Assistant | 5 | 5 | 3 | 2 |
| 7 | Private Secretary to Chairman & Members | 1 | 1 | 0 | 1 |
| 8 | Personal Assistant to Chairman & Members | 1 | 1 | 0 | 1 |
| 9 | Confidential Assistant Grade II | 3 | 1 | 1 | 0 |
| 10 | Computer Assistant Grade II | 2 | 2 | 0 | 2 |
| 11 | Librarian | 0 | - | - | - |
| 12 | Data Entry Operator | 1 | 1 | 0 | 1 |
| 13 | Driver cum Office Attendant | 1 | 1 | 0 | 1 |
| 14 | Clerical Assistant<br><br>Grade II | 2 | 1 | 1 | 0 |
| 15 | Attender | 2 | 1 | 1 | 0 |
| 16 | Duffedar | 1 | 1 | 0 | 1 |
| 17 | Office Attendant Grade II/ Night Watchman | 3 | 2 | 0 | 2 |
| 18 | Part Time Sweepers | 3 | 0 | 0 | 0 |
| 19 | Night Watchman | 3 | 0 | | |
| | Total | 36 | 22 | 6 | 16 |
| Casual Sweeper -2 (കുടുംബശ്രീ വഴി) | | | | | |
| **Post on Co-terminus Basis** (താത്കാലികാടിസ്ഥാനം) | | | | | |
| 20 | Driver cum Office | 2 | 1 | 0 | 1 |

| | | | | | |
|---|---|---|---|---|---|
| | Attendant | | | | |
| 21 | Office Attendant GradeII | 2 | 1 | 0 | 1 |
| 22 | Part Time Sweepers | 2 | 1 | 0 | 1 |
| 23 | Part time Cook | 2 | 1 | 0 | 1 |
| | TOTAL | 8 | 4 | 0 | 4 |